# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1934     17.12.2012 ന് മറുപടിയ്ക്ക്**

**വനനശീകരണവും വനവൽക്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിന്റെ വനവിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകമോ; | (എ) | വനവിസ്തൃതി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അഖിലേന്ത്യാ വനം സർവ്വേയുടെ 2011 വർഷത്തെ റിപ്പോർട്ട് 2009 വർഷത്തോട് താരതമ്യപ്പെടുത്തുമ്പോൾ 24 ചതുരശ്ര കിലോമീറ്റർ വനാവരണത്തിൽ കറവു വന്നതായിട്ടാണ് കാണുന്നത്. അഖിലേന്ത്യാ വനം സർവ്വേ വനാവരണ വിസ്തൃതി കണക്കാക്കുന്നത് സാറ്റലൈറ്റ് ഇമേജിന്റെ അടിസ്ഥാനത്തിലാണ്. ഈ രീതിയിലുള്ള വനാവരണ കണക്കുകളിൽ സ്വകാര്യ ഭൂമിയിലുള്ള വൃക്ഷാവരണ വിസ്തൃതി കൂടി ഉൾപ്പെടും. കേരളത്തിലെ വനവിസ്തൃതി 11309.4754 ച.കി. ആണ്. ഇതിൽ കുറവു വന്നിട്ടില്ല. |
| (ബി) | വനനശീകരണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകമോ; | (ബി) | വനനശീകരണം തടയുന്നതിനുവേണ്ടി നിലവിലുള്ള സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തിയും, രാത്രികാല പെട്രോളിംഗ് ഊർജിതപ്പെടുത്തിയും തദ്ദേശീയരായ വാച്ചർമാരുടെയും വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും സഹായത്തോടെ ജന പങ്കാളിത്തത്തോടുകൂടിയ വന പരിശോധന, രഹസ്യ വിവര ശേഖരണം എന്നിവയിലൂടെ വന സംരക്ഷണം ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. വേനൽക്കാലത്ത് കാട്ടുതീ മൂലം വനനശീകരണം ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയുള്ള എല്ലാ മുൻകരുതലുകളും വനം വകുപ്പ് വർഷാവർഷം സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം, സെൻട്രൽ പ്ലാൻ സ്കീം എന്നിവയിൽപ്പെടുത്തി പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| സി) | വനവത്ക്കരണത്തിനായി വനം-വിദ്യാഭ്യാസ സാമൂഹ്യ ക്ഷേമ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പദ്ധതികൾ പരിഗണന യിലുണ്ടോ; വിശദാംശം നൽകമോ? | (സി) | ഹരിത കേരളം പദ്ധതിയിലെ വിവിധ വിഭാഗങ്ങളായ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ തുടങ്ങിയവ വഴി വിദ്യാഭ്യാസ വകുപ്പ്, വിവിധ സർക്കാരിതര സംഘടനകൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്ര മാദ്ധ്യമങ്ങൾ എന്നിവരെ ഏകോപിപ്പിച്ചു കൊണ്ട് വനം വകുപ്പ് വനവത്ക്കരണ പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ